LIBRARY ARCHIVES Kerala Legislative Assembly

**ഭ്രരഹിതം കേരളം പദ്ധതി - പുതുക്കാട് മണ്ഡലത്തിൽ നിന്നുള്ള അപേക്ഷകൾ**

163(4794) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭ്രരഹിതം കേരളം പദ്ധതി പ്രകാരം ആനുകൂല്യം ലഭിക്കുന്നതിന് പുതുക്കാട് മണ്ഡലത്തിൽ നിന്നും എത്ര അപേക്ഷ ലഭ്യമായിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) എങ്കിൽ അതിൻമേൽ സ്വീകരിച്ച നടപടി വിശദമാക്കാമോ?

ഉത്തരം

(എ) ഭ്രരഹിതരില്ലാത്ത കേരളം പദ്ധതിയിൽ പുതുക്കാട് മണ്ഡലത്തിൽ ആകെ 1322 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത മണ്ഡലത്തിലെ തൊറവ് വില്ലേജിൽ നിന്നുള്ള 26 ഗുണഭോക്താക്കൾക്ക് പദ്ധതിയുടെ ഒന്നാംഘട്ടത്തിൽ തന്നെ പട്ടയം വിതരണം ചെയ്യുകഴിഞ്ഞു. അവശേഷിക്കുന്ന ഗുണഭോക്താക്കൾക്ക് കൂടി പട്ടയം നൽകുന്നതിനാവശ്യമായ വിവിധതരം സർക്കാർ ഭൂമികൾ കണ്ടെത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

**കൃഷിഭൂമികളെ ടൗൺഷിപ്പുകളാക്കി മാറ്റാൻ അനുമതി**

164(4795) ശ്രീ. എ. കെ. ശശീന്ദ്രൻ :
ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം നെൽപ്പാടങ്ങളേയും കൃഷിഭൂമികളേയും, ഹൗസിംഗ് കോളനികളും ഫ്ലാറ്റുകളും ഉൾപ്പെടുന്ന ടൗൺഷിപ്പുകളാക്കി മാറ്റാൻ എത്ര പേർക്ക് അനുമതി നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ജില്ല തിരിച്ചുള്ള കണക്ക് വെളിപ്പെടുത്താമോ?

ഉത്തരം

(എ) അനുമതി നൽകിയിട്ടില്ല.

(ബി) ബാധകമല്ല.